**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4508** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ സ്വയംതൊഴിൽ പദ്ധതികൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിലിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന നൈപുണ്യ പരിശീലന പരിപാടികളിലൂടെ തൊഴിലിനായി പട്ടികവർഗ്ഗക്കാരെ പ്രാപ്തമാക്കുകയാണ് ചെയ്യുന്നത്. കൂടാതെ ഗ്രൂപ്പ് അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | പട്ടികവർഗ്ഗക്കാർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുക പട്ടികവർഗ്ഗക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുക ജീവിത നിലവാരം ഉയർത്തുക |
| (സി) | പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിലിനായി പ്രത്യേകമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല. സർക്കാർ അംഗീകൃതസ്ഥാപനമായ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിൽ അംഗീകാരമുള്ള വിവിധ പരിശീലന സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസൽ ക്ഷണിച്ച് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ